വേദ ദീപ്തി

A Bimonthly of Deepthi Magazine

Vol -1 Issue -2

February 2026

വേദദീപ്തി

ഉള്ളടക്കം

When the Potter Touches the Cracks

Editorial

നോമ്പ് ജീവിതം

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

വലിയ നോമ്പ്...

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

പേത്തൂർത്ത

ഫാ. ഇയ്യോബ് ഒ.ഐ.സി.

Vedha Deepthi
Bimonthly of Deepthi Magazine
Orthodox Theological Seminary
Kottayam
Ph. 0481 (256) 8083, 6526, 8500

Editorial Board

Fr. Dr. John Thomas Karingattil
Fr. K.V. Alias
Dn. Nithin T Mathew
Subin Pappachen
Adon C. Mathew
Nithin P Saju

Design
Greeshma Designs, Kottayam

When the Potter Touches the Cracks

A cracked clay pot stands exposed, glowing from within. Hands hover gently, not to break, but to heal. This image speaks the language of Great Lent as lived in the Orthodox Church.

Lent is not about appearing strong before God. It is about standing truthfully before Him. But now, O Lord, You are our Father; we are the clay, and You our potter. (Isaiah 64:8) The Broken Vessel and the Honest Soul The cracked pot reflects the soul that has dared to repent. In the Orthodox understanding, brokenness is not failure, it is the beginning of healing.

St. Ephrem the Syrian writes: The wound becomes the place where the Physician enters. Great Lent invites us to stop hiding our wounds. Through fasting, confession and prayer, we allow Christ the true Physician to touch the fractures of our inner life. Repentance as Illumination. The pot glows not in spite of its cracks, but through them. This is the mystery of metanoia. When the heart breaks open, divine light pours in.

St. Isaac the Syrian teaches: This life has been given to you for repentance; do not waste it on other things. In the Malankara Orthodox tradition, repentance is not merely moral correction, it is a return to light. Tears are not signs of weakness they are signs of awakening. The Gentle Hands of the Potter The hands in the image hover patiently. They do not rush.

They do not condemn. This is the God revealed in Christ gentle, long, suffering and compassionate.

St. Jacob of Serugh says: God bends down to the dust to lift it up, and He reshapes what has been spoiled by sin. Great Lent reveals a God who stoops low enough to work with broken clay. Fasting That Softens the Clay Fasting in the Orthodox Church is not punishment, it is therapy. It softens the hardened heart so that grace may reshape it.

St. Basil the Great reminds us: Fasting gives birth to prophets and strengthens the mighty. And St. John Chrysostom warns: What good is it if we abstain from meat, but devour our brother? True fasting heals relationships, quiets pride and widens the cracks through which mercy can flow.

The Cross: The Holy Fracture Ultimately, Lent leads us to the Cross, the place where Christ Himself is "broken" so that the world may be healed.

St. Ephrem poetically declares: From the Cross flowed a fountain of light,"and the darkness of the world was scattered. The Cross becomes the greatest crack in history through which resurrection light floods creation. From Cracked Clay to Living Light The pot remains clay, but it is no longer empty. Likewise, we remain human, fragile, and imperfect yet filled with Christ.

St. Isaac the Syrian offers this hope: Where there is humility, there is the dwelling place of God. May this Great Lent teach us not to fear our cracks. May we place ourselves in the hands of the Divine Potter. And may the light of Christ shine through our brokenness for the healing of the Church and the life of the world.

നോമ്പ് ജീവിതം

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ
മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

പ്രസംഗത്തിലൂടെയും (Liturgy of the Word), ആരാധനയിലൂടെയും (Liturgy of the Bread) ലഭ്യമാകുന്ന പരിശുദ്ധാത്മ കൃപ, സാമൂഹിക പ്രതിബദ്ധതയോടെ കാരുണ്യ പ്രവർത്തനങ്ങൾക്കായി (Liturgy after the liturgy) നാം പ്രയോജനപ്പെടുത്തണം. പ്രസംഗത്തിലും ആരാധനയിലും ലഭ്യമാകേണ്ടത് അനുതാപ ഹൃദയമാണ്. പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിച്ച് അനുതാപം സൃഷ്ടിക്കുന്നതാണ് യഥാർത്ഥമായ കൗദാശിക ജീവിതം.

വിശ്വാസികളിൽ അനുതാപവും രൂപാന്തരവും സൃഷ്ടിക്കുന്നതാണ് ഹൃദയാരാധന (Liturgy of the Heart). വചന ശുശ്രൂഷയിലും വിശുദ്ധ കുർബ്ബാനയിലും പരിശുദ്ധാത്മ കൃപ വിശ്വാസികളിലേക്ക് സന്നിവേശിപ്പിക്കുന്നു.

അനുതാപ ഹൃദയം ഉണ്ടാക്കുന്ന അന്തരീക്ഷം ആരാധനയിൽ അനിവാര്യമാണ്. പശ്ചാത്താപത്തിനായി പരിശുദ്ധാത്മ പ്രവർത്തനം ഉണ്ടാകുമ്പോഴാണ് അനുതാപ ഹൃദയം ലഭ്യമാകുന്നത്. ദൈവവചനത്തിലൂടെയും ആരാധനയിലൂടെയും പരിശുദ്ധാത്മാവ് വിശ്വാസികളിലേക്ക് സന്നിവേശിപ്പിക്കപ്പെടണം. ആരാധനയിലൂടെ വചനത്തിന്റെ പൊരുൾ അർത്ഥപൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയുമ്പോൾ ദൈവബന്ധം ആഴമുള്ളതാകും.

വിശുദ്ധ കുർബ്ബാനയിൽ തിരുശരീര രക്തങ്ങളുടെ അനുഭവം മൂലം അനുതാപ ഹൃദയത്തെ സൃഷ്ടിക്കുന്നത് പരിശുദ്ധാത്മ കൃപയാണ്. അനുതാപഹൃദയം എല്ലായിപ്പോഴും വിശ്വാസികളിൽ ഉണ്ടാകേണ്ട ആത്മീയ അനുഭവമാണ്. വിശ്വാസികളിൽ അനുതാപം സ്ഥായിയായി നിലനിൽക്കുമ്പോഴാണ് വിശുദ്ധിയിലേക്ക് വളരുവാൻ കഴിയുന്നത്. അനുതാപ ഹൃദയം ഫലപ്രദമാകുവാൻ മനസ്സൊരുക്കവും വിശ്വാസവും ഉണ്ടാകണം.

സമഗ്രമായ രൂപാന്തരത്തിലേക്ക് വളരുവാൻ പരിശുദ്ധാത്മ കൃപയും അനുതാപ ജീവിതവും ഉണ്ടാകണം. ഇതിനെ കൗദാശിക ജീവിതം (Sacramental Life) എന്നുപറയാം. സ്ഥിരമായ അനുതാപ ഹൃദയത്തോടെയുള്ള കൗദാശിക ജീവിതമാണ് രൂപാന്തരത്തിലേക്കും വിശുദ്ധിയിലേക്കും നയിക്കുന്നത്. ഇതാണ് ആത്യന്തികമായി ഹൃദയാരാധന (Liturgy of the Heart).

ആരാധനയും വചന ശുശ്രൂഷയും വിശ്വാസികളിൽ അനുതാപ ഹൃദയം സൃഷ്ടിക്കുന്നതിനുള്ളതാണ്. ദൈവസന്നിധിയിൽ ഇടവിടാതെ ആരാധിക്കുമ്പോഴാണ് കൗദാശിക ജീവിതത്തിലേക്ക് വളരുവാൻ സാധിക്കുന്നത്. അനുതാപ ഹൃദയം ലഭ്യമാകുന്നതിനായി വിശ്വാസികൾ ദൈവസന്നിധിയിൽ സ്വയം സമർപ്പിക്കണം. സമചിത്തതയോടും അനുതാപ ഹൃദയത്തോടും ദൈവസാന്നിധ്യ ബോധത്തിൽ ആരാധനയിൽ നാം സംബന്ധിക്കണം.

പഴയ സെമിനാരിയിൽ പരി. ബാവാ തിരുമേനി നല്കിയ സന്ദേശം

Great Lent : Origin and Orientation

Great Lent began in the ancient Christian community as a preparation for the baptism of the aspirants of Christianity on Easter day. Gradually all believers in the church participated in this Lent and renewed their baptismal grace. It became a time for those who were already Christian to prepare for the Holy Week, especially for the feast of the Resurrection of Christ. It is a time of renewed devotion: of repentance, prayer, fasting, and almsgiving. It is a time of real renewal of minds, hearts, and deeds in conformity with Christ and his teachings. As St. Basil the Great says, "Baptism is a calling for living according to the incarnation and to be molded and formed in thought, word, and deed by the teaching of our Lord." So Lent, especially Great Lent, is a time of the renewal of our baptismal calling and grace. We are dying with Christ and resurrecting with Him through the Great Lenten experience. All important feasts in the church are preceded by short or long fasting. Lenten preparation for the feasts is a preparation for the heavenly joy in this life also, yes, a joy that is lasting. Through the Great Lent we are progressing towards the festival of the resurrection of Christ, the joy of the feast of feasts. Counting the Sundays, Great Lent itself lasts for forty days, which reminds us of the forty days of fasting of Jesus Christ. It officially begins on Monday seven weeks before Easter and concludes on the eve of Lazarus Saturday, the day before Palm Sunday. However, fasting continues for the following week, known as Passion Week, Great Week, or Holy Week, up until the feast of the resurrection of the Lord (Easter).

വലിയ നോമ്പ്
സന്തോഷത്തിലേക്കും സാക്ഷാത്കാരത്തിലേക്കും ഒരു മരുഭൂയാത്ര

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

കാനാവിലെ കല്യാണത്തിന് കർത്താവ് വെള്ളത്തെ വീഞ്ഞാക്കിയ സംഭവം വായിച്ച് ധ്യാനിച്ച് ആണല്ലോ നമ്മൾ വലിയനോമ്പിലേക്ക് പ്രവേശിക്കുന്നത്. ആ രൂപാന്തരത്തിന് കൽഭരണികൾ പശ്ചാത്തലം ഒരുക്കിയതു പോലെ നമ്മുടെ ജീവിത രൂപാന്തരത്തിന് നോമ്പ് സഹായകരമാണ്. രണ്ടിലും ക്രിസ്തു ആണ് രൂപാന്തരത്തിന്റെ ആത്യന്തിക സ്രോതസ്സ് എന്നതും ഓർക്കാം. മനുഷ്യന്റെ ദൈവീകരണ പ്രക്രിയയിൽ സഹായിക്കുന്ന വിവിധങ്ങളായ ആത്മീയ അനുഷ്ഠാനങ്ങളിൽ പ്രധാനമായ നോമ്പിനെയും ഉപവാസത്തെയും കുറിച്ച് അല്പം ഒന്ന് ചിന്തിക്കാം.

ആദ്യകാലത്ത് ക്രിസ്തീയ സഭയിലേക്ക് ചേരുവാൻ ആഗ്രഹിച്ചിരുന്നവർക്ക് ഒരുക്കവും ആത്മീയ പരിശീലനവും നൽകുന്നതിന്റെ ഭാഗമായാണ് വലിയ നോമ്പ് ആരംഭിക്കുന്നത്. ക്രമേണ ഇത് വിശ്വാസികൾക്കും കഷ്ടാനുഭവ ആഴ്ചയിലേക്ക് ഉള്ള ഒരുക്കവും മാമോദിസയുടെ കൃപയുടെ പുതുക്കവും ഒക്കെ ആയിത്തീർന്നു. ക്രിസ്തുവിനോട് കൂടെ മരിച്ചു ഉയർത്തെഴുന്നേൽക്കുന്ന മാമോദിസയുടെ ഒരു പുതുക്കത്തിന്റെ അനുഭവം വലിയ നോമ്പിലൂടെ സാധിക്കുന്നു. ഉപവസിച്ച് അനുതപിച്ച് പ്രാർത്ഥിച്ച് ക്രിസ്തുവിനോട് അനുരൂപപ്പെട്ട് വളരുന്ന അനുഭവം.

നോമ്പിനെ സംബന്ധിച്ചുള്ള ഒരു പൊതു പ്രമാണം പ്രധാന പെരുന്നാളുകളിലേക്ക് ഉള്ള ആത്മീയമായ ഒരുക്കം എന്നതാണ്. ക്രിസ്മസിലേക്ക് 25 നോമ്പിലൂടെയും വാങ്ങിപ്പ് പെരുന്നാളിലേക്ക് 15 നോമ്പിലൂടെയും ഒരുങ്ങുന്നതു പോലെ പെരുന്നാളുകളുടെ പെരുന്നാൾ ആയ ഉയർപ്പ് പെരുന്നാളിലേക്ക് വലിയ നോമ്പിലൂടെ നാം ഒരുങ്ങുകയാണ്.

വലിയ നോമ്പിൽ നാല്പതാം വെള്ളിയാഴ്ച വരെ തുടരുന്ന 40 ദിവസത്തെ നോമ്പ് വഴി കർത്താവ് എടുത്ത

40 ദിവസത്തെ ഉപവാസത്തോട് താദാത്മ്യപ്പെടുകയാണ്. അതേ തുടർന്ന് ഈസ്റ്റർ വരെ കഷ്ടാനുഭവയാഴ്ചയും കൂടെ കൂട്ടി നോമ്പ് നടത്തി പൂർത്തീകരിക്കുന്നു. അങ്ങനെ അത് 50 നോമ്പ് ആയി തീരുന്നു.

ചില സമയത്തെ ഭക്ഷണം ഒഴിവാക്കുന്നതും ചില ഇനം ഭക്ഷണപദാർത്ഥങ്ങൾ ഒഴിവാക്കുന്നതും നോമ്പിൽ പ്രധാനമാണ്. ഭക്ഷണകാര്യങ്ങളിൽ എന്നതുപോലെ തന്നെ ഇന്നത്തെ കാലത്ത് സോഷ്യൽ മീഡിയ ഉപയോഗത്തിന്റെ മിതത്വവും നിയന്ത്രണവും നോമ്പുകാലത്ത് പ്രത്യേകം ശ്രദ്ധ വെക്കുന്നതും ഏറെ അനുഗ്രഹകരമായിരിക്കും .

ഉപവാസത്തിന്റെയും നോമ്പിന്റെയും പ്രയോജനങ്ങൾ ബഹുവിധമാണ്. ചിലതുമാത്രം ഒന്ന് കുറിയ്ക്കട്ടെ:

1. പുറമേയുള്ള മനുഷ്യന്റെ സുഖവും പോഷണവും കുറെ മാറ്റിവെച്ചു ആന്തരിക മനുഷ്യനെ പരിപോഷിപ്പിക്കുവാൻ കൂടുതൽ ശ്രദ്ധിക്കുവാൻ സഹായിക്കുന്നു. കൂടുതൽ വേദവായനയിലൂടെയും പ്രാർത്ഥനയിലൂടെയും ആണ് ഈ ആത്മീയ പോഷണം ഉറപ്പ് വരുത്തുന്നത്.

2. തിന്മയോടുള്ള അദൃശ്യ ആത്മീയ പോരാട്ടത്തിൽ ശക്തി പകരുന്നു. നോമ്പിൽ ഭക്ഷണത്തോട് ബന്ധപ്പെട്ട് 'വേണ്ട' എന്ന് പറയുന്നത് വഴി പ്രലോഭനങ്ങളോടും തിന്മകളോടും 'നോ' പറയാനുള്ള ഇച്ഛാശക്തി കൂടുതൽ ബലപ്പെടുത്തുകയാണ്. പ്രാർത്ഥനയാലും ഉപവാസത്താലും ആണ് തിന്മയുടെ പ്രലോഭനങ്ങളെ അതിജീവിക്കുന്നത് എന്ന് യേശു തന്റെ ജീവിതത്തിലൂടെയും വാക്കുകളിലൂടെയും നമുക്ക് തെളിയിച്ചു തന്നതും ഓർക്കാം.

3. നോമ്പ് ഉപഭോഗ സംസ്കാരത്തിനെതിരെ ഒരു ലളിത ജീവിത പരിശീലനം നൽകുകയും ചെയ്യുന്നു. മനുഷ്യ ജീവിതത്തിന് അത്യാവശ്യമുള്ളവയിൽ ശ്രദ്ധിക്കുവാൻ സഹായിക്കുന്ന നോമ്പ് ജീവിതത്തെ അടിമപ്പെടുത്തുന്ന ഉപഭോഗ സംസ്കാരത്തിനെതിരെയുള്ള ഒരു ശക്തമായ ആയുധമായി പ്രയോജനപ്പെടുത്താം. സന്തോഷത്തിനും വിജയത്തിനും ആവശ്യമായ മിതത്വവും ലാളിത്യവും പരിശീലിപ്പിക്കുന്ന നോമ്പ് എത്ര അനുഗ്രഹമാണ്.

4. നോമ്പ് ജീവകാരുണ്യത്തിനുള്ള പ്രത്യേക അവസരവും ആണ്. ഭക്ഷണവും പണവും മിച്ചം വെച്ച് അത് അവഗണിക്കപ്പെട്ടവർക്കും ദരിദ്രർക്കും പങ്കുവെക്കണം എന്നത് നോമ്പിലെ ഒരു പ്രധാന ഉത്തരവാദിത്വം ആണല്ലോ (യെശയ്യാവ് 58:6–7).

5. ശാരീരിക ക്ഷേമത്തിനും ഉപവാസവും നോമ്പും സഹായകരമാണ്. ദോഷകരമായ പല ഘടകങ്ങളും ശരീരത്തിൽ നിന്ന് മാറ്റി ശരീരത്തിന് പുതുക്കവും സൗഖ്യവും നൽകുന്നതിൽ ഉപവാസം നിർണായകമായ പശ്ചാത്തലം ഒരുക്കുന്നുണ്ട്. കോശങ്ങളുടെ പുതുക്കം സംബന്ധമായ 'ഓട്ടോഫജി' ഉപവാസത്തിലൂടെ ആണല്ലോ രൂപപ്പെടുന്നത്. ശാരീരിക സൗഖ്യത്തിന് ഉള്ള പ്രാണിക് എനർജി പ്രചോദിപ്പിക്കപ്പെടുന്നത് ഉപവാസത്തിലൂടെയാണ്.

വേദപുസ്തകം പറയുന്നത് അനുസരിച്ച് ഏറ്റവും അധികം 40 ദിവസം വീതം ഉപവാസം എടുത്തവരാണ് മോശയും ഏലിയാവും യേശുവും. ഇവർ മൂന്നു പേരുമാണല്ലോ ഏറ്റവും അധികം തേജസ്സിൽ മറുരൂപമലയിൽ കാണപ്പെടുന്നത്.

ഈജിപ്തിൽ നിന്ന് മോചിതരായി വാഗ്ദത്ത നാട്ടിലേക്ക് ഇസ്രായേൽക്കാർ യാത്ര നടത്തിയത് മരുഭൂമിയിലൂടെ ആയിരുന്നല്ലോ. ദൈവരാജ്യത്തിന്റെയും തേജസ്കരണത്തിന്റെയും സന്തോഷത്തിലേക്കും ജീവിത സാക്ഷാത്കാരത്തിലേയ്ക്കും ഉപവാസത്തിലൂടെയും നോമ്പ് അനുഷ്ഠാനത്തിലൂടെയും ജയകരമായ യാത്ര സാധ്യമാകട്ടെ. ഈ ഫലപ്രാപ്തി ഭൗമിക ജീവിതത്തിൽ വെച്ച് തന്നെ സാധ്യമാകുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തൽ ആകട്ടെ വലിയ നോമ്പിന്റെ പരിസമാപ്തിയിലെ ഏറ്റവും സന്തോഷകരമായ ഉയർപ്പ് പെരുന്നാളിന്റെ അനുഭവം.

പേത്തുർത്ത

ഫാ. ഇയ്യോബ് ഒ.ഐ.സി.

പേ*ത്തുർത്ത* എന്ന പദം നോമ്പ് ആരംഭിക്കുന്നതിന്റെ തലേ ദിവസത്തിന് പറയുന്ന സുറിയാനി പേരാകുന്നു. കോനാട്ട് മാത്തൻ മൽപ്പാൻ ജീവനിക്ഷേപം എന്ന മാസികയിൽ ഈ പദത്തെ കുറിച്ച് പ്രസ്താവിച്ചിരിക്കുന്നതു എഴുതിയിരിക്കുന്നതു രസകരമാണ്

പെത്തുർത്തൊ എന്നു പറയുന്ന പദത്തിന്റെ അർത്ഥം *കുന്ന്* എന്നാകുന്നു. നോമ്പുകളുടെ തലേദിവസം പലതരം ഭക്ഷണസാധനങ്ങൾ കുന്നുപോലെ സമൃദ്ധിയായി ശേഖരിക്കുകയും ചെറിയ നോമ്പുകൾക്കു കുറഞ്ഞ വിധത്തിലും വലിയ നോമ്പുകൾക്കു കൂടിയ വിധത്തിലും നോമ്പു ദിവസങ്ങളുടെ സംഖ്യയ്ക്ക് ആനുപാതികമായി ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുകയും വലിയ വിരുന്നൊരുക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യം മുൻപ് പതിവായിരുന്നു. സാധാരണ ദിവസങ്ങളിൽ നിന്നു വ്യത്യസ്തമായി വിശേഷഗതിയായ ഒരു ഒരുക്കം പേത്തുർത്തായിക്കുണ്ടായിരുന്നു. അതിനാൽ ഭക്ഷണങ്ങളുടെ കുന്ന് അല്ലെങ്കിൽ കുന്നുപോലെ ഭക്ഷണങ്ങൾ ശേഖരിക്കുന്ന ദിവസം എന്ന അർത്ഥത്തിൽ നോമ്പിന്റെ തലേ ദിവസത്തിനു പേത്തുർത്തായെന്ന് പേർ വിളിക്കപ്പെടുന്നു. ചില പിതാക്കന്മാർ മൂന്നു നോമ്പിന്റെയും വലിയനോമ്പിന്റെയും തലേദിവസമായ ഞായറാഴ്ചയ്ക്കു മാത്രമേ പേത്തുർത്താ എന്നു പേരുള്ളു എന്നും മറ്റു ചിലർ അങ്ങനെയല്ല അഞ്ചു നോമ്പുകളുടേയും തലേദിവസത്തിന് പേത്തുർത്തോ എന്നു പറയും എന്നു പറയുന്നു.

സുറിയാനി ഭാഷയ്ക്ക് പലവകഭേതങ്ങൾ ഉള്ളതായി അറിയാമല്ലോ അതിൽ പ്രധാനപ്പെട്ടവയാണ് പൗരസ്ത്യ സുറിയാനിയും പാശ്ചാത്യ സുറിയാനിയും ഇതിൽ ഇപ്പോൾ നാം ഉപയോഗിക്കുന്നത് പാശ്ചാത്യ സുറിയാനി ആകുന്നു അതിലെ ഉച്ചാരണ പ്രകാരം *പെത്തുർത്തൊ* എന്നാണ് ശബ്ദിക്കുന്നത്.എന്നാൽ മുൻപ് ദീർഘകാലം നാം ഉച്ചരിച്ചിരുന്ന പൗരസ്ത്യ സുറിയാനി ശബ്ദപ്രകാരം '*പാത്തുർത്താ*' എന്നും പിന്നീട് അതു ലോപിച്ചു 'പേത്രത്താ' എന്നും പറഞ്ഞുവരുന്നു. ഈ പദം നോമ്പിന്റെ ആരംഭത്തിനു മുമ്പുള്ള ദിവസത്തിനല്ലാതെ അവസാനിക്കുന്ന ദിവസത്തിനു പറയുക പതിവില്ല. എന്നാൽ സു

റിയാനി സഭ സ്ഥിതിചെയ്യുന്ന ശീമദേശങ്ങളിൽ ഇങ്ങനെയുള്ള ഒരു പേര് നോമ്പിന്റെ ആദ്യദിനത്തിനു ഉപയോഗിച്ചു കാണാത്തതിനാൽ ഈ പദം ആ ദേശത്തു ഉത്ഭവിച്ചതെന്നു പറയുവാൻ നിവൃത്തിയില്ല. ചിലപ്പോൾ ഈ നാട്ടിലെ ഏതെങ്കിലും വിദ്വാന്മാരിൽ നിന്നോ മറ്റു ഭാഷകളിൽ നിന്നു കടംകൊണ്ട് ഈ നാട്ടിൽ ഉണ്ടായതാകാം എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

കോനാട്ട് മൽപ്പാന്മാർ പേത്തുർത്തോ എന്ന പദത്തിൽ 'ത്ത' യ്ക്കു ഉപയോഗിച്ചിരിക്കുന്ന അക്ഷരം സുറിയാനി ഭാഷയിലെ 'തേസ്' ആകുന്നു. എന്നാൽ 'തേസ്' വച്ചുകൊണ്ടുള്ള 'പേത്തുർത്തോ' എന്ന പദത്തിനർത്ഥം സുറിയാനി നിഘണ്ടുവിൽ കൂൺ, ഫംഗസ്, എന്നൊക്കെയാണ്. പ്ഥർ എന്ന ക്രിയാ ധാതുവിന്റെ അർത്ഥം കടന്നുപോകുക, അവസാനിക്കുക എന്നൊക്കെയാണ്. ഈ ക്രിയയിൽ നിന്നുള്ള മറ്റൊരു പദമാണ് പത്തീറാ. പത്തീറാ എന്നതിനു പുളിക്കാത്ത, കുഴയ്ക്കാത്ത അപ്പം, എന്നൊക്കെ അർത്ഥമുണ്ട്. 'തേസ്' നു പകരം 'താവ്' എന്ന അക്ഷരം ഉപയോഗിച്ചാൽ ഫോത്തൂറോ എന്നപദം ലഭിക്കും ഇതിനു അൾത്താര മേശ, ഭക്ഷണം എന്നെല്ലാം അർത്ഥമുണ്ട എന്നാൽ വളരെ മൃഷ്ടാന്നമായ ഭോജനം നടത്തുന്ന ദിവസം അല്ലെങ്കിൽ അവസരം എന്ന അർത്ഥത്തിൽ സുറിയാനി നിഘണ്ടുവിൽ ഈ പദം ഉപയോഗിച്ചു കാണുന്നില്ല.

'ഇഫ്ത്താർ' എന്ന അറബി പദവും നോമ്പുകാല സദ്യകൾക്കുള്ള പേരാണല്ലോ ഒരു പക്ഷേ അറബിയിൽ നിന്നും സുറിയാനിയിലേക്കു ഈ പദം കടംകൊണ്ടതാകാനും സാധ്യതയുണ്ട്. അസീറിയൻ ജനങ്ങൾക്കിടയിൽ കല്യാണദിനത്തിൽ മണവാളൻ നൽകുന്ന അപ്പത്തിനും പാത്തുർത്ത എന്ന് പേരുണ്ട്

പേത്രത്താ ആചാരം

മൂന്നു നോമ്പും അമ്പതു നോമ്പും ഒഴിച്ചു ശേഷം നോമ്പുകൾ കൃത്യ തീയ്യതി പ്രകാരം ആചരിക്കുതാക കൊണ്ടു ആ നോമ്പുകളുടെ പേത്രത്താ ദിവസം ഇന്ന ആഴ്ചയിൽ വരുമെന്നു ക്ലിപ്തപ്പെടുത്തുവാൻ സാധ്യമല്ല എന്നാൽ ഇരുപത്തഞ്ചു നോമ്പിന്റെയും പതിനഞ്ചു നോമ്പിന്റെയും ശ്ലീഹാ നോമ്പിന്റെയും പേത്രത്താ നാളുകൾ വെള്ളിയാഴ്ചയോ ബുധനാഴ്ചയോ ആയി വരാവുതാകുന്നു. അപ്പോൾ ആ നാളുകൾ എങ്ങനെ ആചരിക്കണമെതിനെക്കുറിച്ച്. ജീവനിക്ഷേപം മാസികയിൽ ഇങ്ങനെ കാണുന്നു.

നോമ്പുകളുടെ തലേ ദിവസം വെള്ളിയാഴ്ചയോ ബുധനാഴ്ചയോ ആയിട്ടു വന്നാൽ പേത്രത്താ എന്ന കാരണം പറഞ്ഞു ആ ദിവസങ്ങളുടെ നോമ്പിനെ അഴിപ്പാൻ സഭ അനുവദിച്ചിട്ടില്ല. എന്നാൽ മാംസം മുതലായതു ഭക്ഷിക്കുന്നതിലേക്കു ആ വെള്ളിയാഴ്ചയുടെയോ ബുധനാഴ്ചയുടെയോ അസ്തമയശേഷം സന്ധ്യയ്ക്കു പുതിയ ദിവസം ആരംഭിക്കുന്നതിനാൽ അത്താഴത്തിനു വിരോധം ഇല്ലാത്തതും പേത്തുർത്ത ആചരിക്കാവുന്നതും ആകുന്നു. ദിവസം ആരംഭിക്കുന്നതു സന്ധ്യ മുതൽ ആകയാൽ സന്ധ്യ മുതൽ നോമ്പ് ആചരിക്കേണ്ടതു മുറയാണെങ്കിലും ഭക്ഷണക്രമീകരണം പാതിരാത്രി മുതൽ മാത്രം ആചരിച്ചാൽ മതിയെന്നും നോമ്പു അവസാനിക്കുന്ന ദിവസത്തിന്റെ സമയം ഒപ്പിച്ചു നോമ്പിന്റെ ദിവസങ്ങൾ കണക്കാക്കിയിരിക്കുന്നതുകൊണ്ടു സന്ധ്യ മുതൽ പാതിരാത്രി വരെ ഉള്ള സമയം നോമ്പിൽ കുറഞ്ഞു പോകുന്നതായി വിചാരിക്കേണ്ടതില്ല.

എന്നാൽ പേത്രത്താദിവസം ചൊവ്വാഴ്ചയോ വ്യാഴാഴ്ചയോ ആയിട്ടു വരികയും നോമ്പു ആരംഭിക്കുന്ന ദിവസം

ബുധനാഴ്ചയോ വെള്ളിയാഴ്ചയോ സന്ധ്യ ആയിട്ടു വരികയും ചെയ്താൽ ബുധൻ വെള്ളി ആചാരപ്രകാരം ചൊവ്വാഴ്ച അസ്തമയശേഷവും വ്യാഴാഴ്ച അസ്തമയശേഷവും അത്താഴത്തിനു വിരോധം ഇല്ലാത്തതും പേത്തുർത്ത ആചരിക്കാവുന്നതും മാംസഭക്ഷണം മുതലായതു കഴിക്കാവുന്നതുമാണ്.

പതിനഞ്ചു നോമ്പു അവസാനിക്കുന്ന ദിവസം ദൈവമാതാവിന്റെയും ശ്ലീഹാ നോമ്പു അവസാനിക്കുന്ന ദിവസം മാർ പത്രോസ് മാർ പൌലോസ് എന്നീ ശ്ലീഹന്മാരുടെ പെരുന്നാളുകൾ ആചരിക്കുന്നതിനാലും ആ പെരുന്നാളുകൾ രണ്ടാം തരം മാറാനായ പെരുന്നാളുകളായി എണ്ണിയിരിക്കുന്നതു കൊണ്ടും മേൽപ്പറഞ്ഞ രണ്ടു നോമ്പുകളുടെ അവസാനം ബുധനാഴ്ചയോ വെള്ളിയാഴ്ചയോ വന്നാൽ അന്നു നോമ്പ് ദിനങ്ങളായി ആചരിക്കേണ്ടതില്ല, മാംസഭക്ഷണം മുതലായവ അനുവദിക്കപ്പെട്ടിട്ടുമുണ്ട്. ഇരുപത്തഞ്ചു നോമ്പു അവസാനിക്കുന്ന ദിവസം ജനനപ്പെരുന്നാളാകയാൽ അതു മാറാനായപ്പെരുന്നാൾ മാറാനായപ്പെരുന്നാളുകൾ ഏതു ബുധനാഴ്ചയോ വെള്ളിയാഴ്ചയോ വന്നാലും മാംസഭക്ഷണം മുതലായത് അനുവദിക്കപ്പെട്ടിട്ടുള്ളതാകുന്നു. എന്നാൽ വലിയ നോമ്പിലോ കഷ്ടാനുഭവാഴ്ചയിലോമറ്റു കാനോനിക നോമ്പുകൾക്കിടയിലോ മാറാനായ പെരുന്നാൾ വന്നാൽ ആരാധനാക്രമപരമായ വ്യത്യാസങ്ങളും ഉപവാസത്തിനും ഒഴിവുള്ളതല്ലാതെ ഭക്ഷണനോമ്പിനു മാറ്റമില്ലാത്തതാകുന്നു.

പതിനെട്ടിട

ആണ്ടടക്കമുള്ള എല്ലാ ബുധനും വെള്ളിയും നോമ്പുദിനങ്ങൾ ആകുന്നു. എന്നാൽ ഹേവോറേയുടെയും പെന്തിക്കുസ്തിയുടെയും നാളുകളിൽ ബുധനും വെള്ളിയും നോമ്പാചാരം ഇല്ലാതെ മാംസഭക്ഷണം അനുവദിച്ചിട്ടുണ്ട്. അതുപോലെ മൂന്നു നോമ്പിനു ശേഷവും അമ്പതുനോമ്പിന്റെ പേത്തുർത്തയ്ക്കും ഇടയിലുള്ള 18 ദിവസങ്ങൾക്ക് പതിനെട്ടട എന്നൊരു പേർ വിളിക്കപ്പെടുന്നു. ഈ കാലയിളവിൽ വെള്ളിയും ബുധനും നോമ്പാചരിക്കാതെ മാംസം ഭക്ഷിക്കുന്നവരുണ്ട്. എന്നാൽ ചിലർ പതിനെട്ടട എന്നൊന്നില്ല എന്നു പറഞ്ഞു ഈ ദിനങ്ങളിൽ നോമ്പാചരിക്കുകയും ചെയ്യുന്നു. ശീമനാട്ടിലെ ചില പ്രദേശങ്ങളിൽ അമ്പതുനോമ്പു പിടിക്കുന്നതിനു മുമ്പ് അനീദെ ആഴ്ചയിലെ ബുധനും വെള്ളിയും മാത്രവും മറ്റു ചിലയിടങ്ങളിൽ ആ ആഴ്ചയിലെ വെള്ളി മാത്രവും നോമ്പാചരിക്കുന്നില്ല. പതിനെട്ടിടയിലെ എല്ലാ ബുധനും വെള്ളിയും ഈ നാട്ടിൽ നോമ്പാചരിക്കാതെയിരുന്നതു ഈ നാട്ടുകാരുടെ സ്വന്തം നിശ്ചയമല്ലെന്നും വിദേശത്തു നിന്നു വന്ന പിതാക്കന്മാരിൽ ആരുടെയെങ്കിലും കൈയ്യിൽ നിന്നു ലഭിച്ചതാകാം എന്നും കരുതുന്നു. ഇങ്ങനെയുള്ള ആചാരങ്ങൾ ഉണ്ടാകുന്നതിനു കാരണം പിന്നാലെ വരുന്ന ദീർഘവും പ്രയാസവുമേറിയ നോമ്പിനെ വിചാരിച്ചു ആരെങ്കിലും സ്വയമായോ മറ്റോ ഉണ്ടാക്കിയതാകാം കാരണം ഇതിനെക്കുറിച്ചു കാനോനുകളിലോ മറ്റു പുസ്തകങ്ങളിലോ ഒന്നും തന്നെ കാണുന്നില്ല

വലിയ നോമ്പ് വ്യാഴാഴ്ച
ഒമ്പതാം മണി നമസ്കാരത്തിൽ നിന്നും

പാവനമാം നോമ്പിൻ– വാതിലിടുങ്ങിയതും
വഴി ദുർഗ്ഗമവും താൻ–ഭോജ്യത്തെ മെയ്യെന്നോണം
ദുശ്ചിന്തയെ വെടിയണമാത്മം
വർജ്ജിക്കുന്നില്ലെന്നാകിൽ
വ്യർത്ഥമഹോ–ഭക്ഷണനോമ്പേറ്റം.